തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.1584/26/SAB

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
13/11/2026

സർക്കുലർ

വിഷയം:- ദേവസ്വം ബോർഡ് ആസ്ഥാനത്ത് ശബരിമല ഫെസ്റ്റിവൽ കൺട്രോൾ റൂം ആരംഭിച്ചത് - ക്ലൗഡ് ഇന്റർകോം സിസ്റ്റം പ്രവർത്തിപ്പിക്കുന്ന സംഗതി

സൂചന:- **10/11/2026** -ലെ **ROC.No.04/26/SAB/Dig** നമ്പർ ബോർഡ് ഉത്തരവ്

ശബരിമല മണ്ഡല - മകരവിളക്ക് തീർത്ഥാടനകാലം സുഗമവും ഭക്തജനസൗഹൃദമാക്കുന്നതിനും ഭക്തജനങ്ങൾക്ക് വിവിധ സഹായങ്ങൾ ലഭ്യമാക്കുന്നതിനും സംശയനിവാരണം നടത്തുന്നതിലേയ്ക്കുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഫെസ്റ്റിവൽ കൺട്രോൾ റൂം ദേവസ്വം ബോർഡ് ആസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. ടി ഫെസ്റ്റിവെൽ കൺട്രോൾ റൂമിൽ ഭക്തജനങ്ങൾക്ക് ഉപകാരപ്രദമാകും വിധം 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ പ്രവർത്തിപ്പിക്കാൻ സൂചന പ്രകാരം ബോർഡ് ഉത്തരവായിട്ടുള്ളതാണ്

ഫെസ്റ്റിവൽ കൺട്രോൾ റൂമിൽ നിന്നും ആവശ്യപ്പെടുന്ന വിവരങ്ങൾ ശബരിമല, പമ്പ, നിലയ്ക്കൽ, വിവിധ ഇടത്താവളങ്ങൾ, ബോർഡിന്റെ വിവിധ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ഉടനടി കൈമാറുന്നതിന് ബന്ധപ്പെട്ട ചുമതലക്കാർ / ഓഫീസ് മേധാവികൾ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

ഫെസ്റ്റിവൽ കൺട്രോൾ റൂമിന്റെയും, കോൾ സെന്ററിന്റെയും സുഗമവും പരാതിരഹിതവുമായ പ്രവർത്തനത്തിനായി ടി നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ്.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ

AR.13/11